भारतीय गैर न्यायिक

एक सौ रुपये

Rs. 100

रु. 100

ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

AG 397899

15-01-2015 രണ്ടായിരത്തി പതിനഞ്ച് ജനുവരി മാസം പതിനഞ്ചാം തിയ്യതി കണ്ണൂർ ജില്ല തളിപ്പറമ്പ് താലൂക്ക് വെള്ളാട് അംശം നടുവിൽ ദേശത്ത് കരുവൻചാൽ താമസം ജോൺ ഭാര്യ 62 വയസ്സ് മേവിട ഗ്രേസി ജോൺ പേർക്ക് മേപ്പടി അംശം ദേശത്ത് വെള്ളാട് താമസം പി. എ. അഗസ്റ്റിൻ ഭാര്യ 50 വയസ്സ് 1. പാത്തോട്ടാനിക്കൽ സാലി അഗസ്റ്റിൻ 2. ടി. സ്ഥലത്ത് താമസം മുരളീധരൻ നായർ മകൻ 30 വയസ്സ് കുന്നത്ത് അരുൺലാൽ കെ. എം. 3. ആലക്കോട് അംശം അരങ്ങം ദേശത്ത് പൂക്കാട് താമസം അബ്ദുൾ റഹ്മാൻ മകൻ 30 വയസ്സ് കോട്ടാളകത്ത് അബ്ദുൾ ബഷീർ എന്നിവർ ചേർന്ന്

1) Saly Augustine Saly
2) അരുൺലാൽ കെ.എം [signature]
3) അബ്ദുൾ ബഷീർ [signature]

Gracey John
Gracey John

നമ്പ് 25169 പേര് പാത്തോട്ടാനിക്കൽ സാലി അഗസ്റ്റിൻ
അംശം വെള്ളാട് തീയതി 13-1-2015 വില 100 രൂ
ആലക്കോട് സ.റ. വേണ്ടർ ജോൺ. സി. കുരുവിള [signature]

SUB TREASURY
Date:..............
ALAKODE

എഴുതികൊടുത്ത വാടകകരാർ. നിങ്ങളുടെ സ്വന്തജന്മവും കൈവശമായതും നടുവിൽ ദേശം റീ.സ. 6/2 എ. യിൽപ്പെട്ടതുമായ സ്ഥലത്ത് പണികഴിപ്പിച്ചിട്ടുള്ള കെട്ടിടത്തിലെ നടുവിൽ പഞ്ചായത്തിൽ നിന്നും NP. I. 1066 എന്ന നമ്പർ ലഭിച്ചിട്ടുള്ള മുറി ഞങ്ങൾക്ക് സന്ദേശ് ഓഫ്സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനം നടത്തുന്നതിന് വേണ്ടി ഇന്നുമുതൽ പ്രതിമാസം 3,500 മൂവായിരത്തി അഞ്ഞൂറ് രൂപ വാടക നിശ്ചയിച്ച് മുറിയുടെ താക്കോൽ നിങ്ങളിൽ നിന്നും ഏറ്റുവാങ്ങുകയും നിങ്ങൾ ഞങ്ങൾക്ക് വാടകയ്ക്ക് ഏൽപ്പിച്ചുതരികയും ചെയ്തിരിക്കയാൽ പ്രതിമാസ വാടക എല്ലാ ഇംഗ്ലീഷ് മാസവും മുപ്പതാം തിയ്യതി തോറും നിങ്ങൾക്ക് തന്ന് രസീത് വാങ്ങുന്നതിന് പുറമെ കെട്ടിടത്തിൽ ഞങ്ങൾ ഉപയോഗിക്കുന്ന വൈദ്യുതിയുടേയും വെള്ളത്തിന്റേയും ചാർജ്ജ് ഞങ്ങൾ തന്നെ അടച്ച് രസീത് നിങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതുമാണ്. വാടക കുടിശ്ശിക വരുത്തുകയോ കെട്ടിടത്തിന് ഉടവുവരുത്തുകയോ വല്ലതും തെറ്റായി പ്രവർത്തിക്കുകയോ നിയമാനുസൃതമല്ലാത്ത വസ്തുക്കൾ സൂക്ഷിക്കുകയോ ചെയ്താൽ കെട്ടിടത്തിൽ നിന്നും ഞങ്ങളെ ഒഴിപ്പിക്കുന്നതിന് നിങ്ങൾക്ക് അവകാശമുണ്ടായിരിക്കും കെട്ടിടത്തിന് എന്തെങ്കിലും അറ്റകുറ്റപ്പണികൾ ആവശ്യമായി വന്നാൽ ആയത് നിങ്ങൾതന്നെ ചെയ്ത് തരേണ്ടതും ഞങ്ങൾക്ക് ചെയ്യാൻ അവകാശമില്ലാത്തതുമാണ്. ഈ വാടക അവകാശത്തെ അന്യകൈമാറ്റം ചെയ്യുവാൻ ഞങ്ങൾക്ക് അവകാശമുണ്ടായിരിക്കുന്നതല്ല. ഈ വ്യവസ്ഥകൾക്കെതിരായി ഞങ്ങൾ പ്രവർത്തിക്കുന്നതല്ലെന്നും മേൽവിവരിച്ച വ്യവസ്ഥകൾ പാലിക്കുന്നതിന് വീഴ്ച വരുത്തുന്നതല്ലെന്നും സമ്മതിച്ച് ഞങ്ങളും സാക്ഷികളും പരസ്പരം കാൺകെ ഇതിൽ ഒപ്പുവച്ചുതന്നിരിക്കുന്നു.

1) Saly Augustine Saly

2) അരുൺ പാൽ കെ.എം. [signature] Gracy John

3) അബ്ദുൾ ബഷീർ [signature]

Gracy John

സാക്ഷികൾ.

1) പി. എ. അഗസ്റ്റിൻ [signature]
ചാലക്കോട്ടാനിക്കൽ, വെള്ളാട് പി.ഒ. 670571

2) ടിന സാലസ്റ്റ്യൻ [signature]
കല്ലാഹൗസ്, വെള്ളാട് പി.ഒ. -670571